HQ/1/2023/EXCISE

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 27-01-2023
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-HQ/1/2023/EXCISE</u>**

വിഷയം: **എക്സൈസ് ഭരണപരം – എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺ ലൈൻ മുഖേന നടപ്പിലാക്കുന്നത് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.**

സൂചന: 1. സ.ഉ.(പി) നം.03/2017/ഉ.ഭ.പ.വ. തീയതി 25.02.2017.

2.സർക്കുലർനം.ഇ.എക്സ്.സി.3/2021/എക്സൈസ് തീയതി 04.01.21

എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന 1 ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈൻ ആയി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ജീവനക്കാർക്ക് സ്ഥലംമാറ്റത്തിനുള്ള Option സമർപ്പിക്കുന്നതിന് നിലവിലെ ഇ-റോൾ സംവിധാനത്തിൽ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ ഓൺലൈൻ മുഖേന മാത്രമേ സ്ഥലംമാറ്റത്തിനുള്ള Option അപേക്ഷകൾ സമർപ്പിക്കാവൂ.

ജീവനക്കാർ ഓൺലൈൻ ആയി ചുവടെ നിർദ്ദേശിക്കും പ്രകാരം സ്ഥലംമാറ്റത്തിനായുള്ള ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

1.പൊതുസ്ഥലംമാറ്റത്തിനായുള്ള നോട്ടിഫിക്കേഷൻ വർഷത്തിൽ ഒരിക്കൽ മാത്രമേ പുറപ്പെടുവിക്കുകയുള്ളൂ. (വിശദാംശങ്ങൾ മാർഗ്ഗനിർദ്ദേശത്തിൽ കാണുക) ജില്ലാ അടിസ്ഥാനത്തിലുള്ള സ്ഥലംമാറ്റങ്ങൾക്കായി ജില്ലാതല സ്ഥലംമാറ്റ നോട്ടിഫിക്കേഷന്റെയും സംസ്ഥാന തലത്തിലുള്ള സ്ഥലംമാറ്റങ്ങൾക്കായി സംസ്ഥാനതല സ്ഥലംമാറ്റ നോട്ടിഫിക്കേഷന്റെയും അടിസ്ഥാനത്തിലായിരിക്കും അപേക്ഷകൾ സ്വീകരിക്കുന്നത്.

2. സ്ഥലംമാറ്റത്തിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ തീരുമാനം കൈക്കൊള്ളുമ്പോൾ തന്നെ മേലധികാരി ആയതിന്റെ പകർപ്പ് **ഐ.റ്റി സെല്ലിന്** കൈമാറി **e-Roll** ആപ്ലിക്കേഷനിൽ സ്ഥലംമാറ്റ ഓപ്ഷൻ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ വരുത്തിയശേഷം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ്.

3.ഇ-റോൾ(https://eroll.keralaexcise.gov.in/) ആപ്ലിക്കേഷനിൽ User Name, Password എന്നിവ ജീവനക്കാർ നൽകി Login ചെയ്യുക. ശേഷം ലഭ്യമാകുന്ന പേജിൽ വലതുഭാഗത്ത്